പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4707** 22.03.2018- ൽ മറുപടിക്ക്

**പുതിയ വ്യവസായ നയം**

**ചോദ്യം** **ഉത്തരം**

**ശ്രീ.വി.പി.സജീന്ദ്രൻ** **ശ്രീ. എ.സി.മൊയ്തീൻ**

(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ) | പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗം ഉറപ്പ് വരുത്തുന്നതുമായ വ്യവസായങ്ങളെ പ്രോൽസാഹിപ്പിച്ച് ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരളത്തെ സമ്പൂർണ്ണ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പുതിയ വ്യവസായ വാണിജ്യനയത്തിന്റെ കരടിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അതിവേഗ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) & സി) | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും ക്ലിയറൻസുകളും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു.<br>കൂടാതെ സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി 12.10.2017-ലെ ജി.ഒ.(എം.എസ്) നം. 100/2017/വ്യവ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| സി) | ഇപ്പോൾ ഉള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്തെ വ്യവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**